**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5155** **28.10.2016 ൽ മറുപടിക്ക്**

## റോഡ് സുരക്ഷാ ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ. നെല്ലിക്കുന്ന് | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കുന്നതും ചെലവഴിക്കുന്നതും ഏത് മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ; | (എ) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് വകുപ്പ് 13 പ്രകാരം താഴെപ്പറയുന്ന ആവശ്യങ്ങൾക്കായാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്<br><br>വകുപ്പ്:- 13<br><br>എ. റോഡ് സുരക്ഷാ പരിപാടികൾക്ക്;<br>ബി. റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണത്തിന്;<br>സി. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരങ്ങളുടെ വാങ്ങലുകൾക്ക്;<br>ഡി. റോഡ് സുരക്ഷ സംബന്ധിച്ച് പദ്ധതികളിന്മേലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനുള്ള ചെലവിന് ;<br>ഇ. ട്രോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും<br>എഫ്. അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്;<br><br>ജി. അതോറിറ്റിക്ക്, യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന്<br>എച്ച്. നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും<br><br>കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകളായ പോലീസ്, മോട്ടോർ വാഹന വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ എന്നീ വകുപ്പുകളും നാറ്റ്പാക്ക്, കെൽട്രോൺ തുടങ്ങിയ സ്ഥാപനങ്ങളും റോഡ് സുരക്ഷാ പ്രവർത്തനം സംബന്ധിച്ച് നൽകുന്ന പ്രൊപ്പോസലുകൾ ബഹു. ഗതാഗത വകുപ്പ് മന്ത്രി ചെയർമാനായിട്ടുള്ള അതോറിറ്റി യോഗത്തിലും ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിൽ സമർപ്പിക്കുകയും. അതോറിറ്റി യോഗം അംഗീകരിക്കുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ അഞ്ച് വർഷം റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (ബി) യും (സി) ഉം | കഴിഞ്ഞ അഞ്ച് വർഷം റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയ ഫണ്ട് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ അഞ്ച് വർഷം റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും കാസർഗോഡ് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്